(ബി) ഈ വർഷം പുതുതായി എത്ര കാർട്ടേഴ്സുകളാണ് ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചും കാർട്ടേഴ്സുകൾ പണിയാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 7912

(ബി) 282 (1985-86)

(സി) സർക്കാരിന്റെ സാമ്പത്തിക നിലയ്ക്കു വിധേയമായി എല്ലാ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചും കാർട്ടേഴ്സ് പണിയണമെന്നാണ് സർക്കാരിന്റെ ഉദ്ദേശം.

പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണം

796. ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്തെല്ലാം പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) ജില്ലകൾ തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വാസുദേവൻ നായരുടെ വിധവയുടെ കുടുംബ പെൻഷനുവേണ്ടിയുള്ള അപേക്ഷ

797. ശ്രീ. മണിമംഗലത്ത് കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് വിഭാഗത്തിലെ ഹെഡ്കോൺസ്റ്റബിൾ ആയിരുന്ന 7-2-1961-ൽ സർവ്വീസിലിരിക്കെ മരിച്ചുപോയ എം. വാസുദേവൻ നായരുടെ (എച്ച്. സി. റ്റി. 364) വിധവ കെ. ശ്യാമളാദേവി തനിക്ക് കുടുംബ പെൻഷൻ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1985-ൽ ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) ശ്രീമതി ശ്യാമളാദേവിക്ക് കുടുംബ പെൻഷൻ അനുവദിച്ചു കൊടുക്കാൻ ഉടനടി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി) 11-2-1986-ലെ ജി. ഒ. (പി) 146/ഫിൻ/86 എന്ന ഉത്തരവ് പ്രകാരം 1-4-1964-ന് മുമ്പ് പെൻഷനാവുകയോ, സർവ്വീസിലിരിക്കെ മരണമടയുകയോ ചെയ്തവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കുടുംബ പെൻഷനുവേണ്ടി, പോലീസ് വകുപ്പ് മേധാവി മുഖേന അപേക്ഷിക്കുവാൻ ഹർജിക്കാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly